ഭരണഭാഷ - മാതൃഭാഷ

# ലൈഫ് മിഷൻ-തൃശ്ശൂർ
# ജില്ലാ കോ-ഓർഡിനേറ്ററുടെ കാര്യാലയം

ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ

Ph # 0487 - 2365719, 2365720 Email: lifemissiontsr@gmail.com

നം. എഫ്.60/2017(8)/പി.എ.യു 12.04.2019

## ക്വട്ടേഷൻ നോട്ടീസ്

ലൈഫ് മിഷന്റെ തൃശ്ശൂർ ജില്ലാ കോ-ഓർഡിനേറ്ററുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പ്രതിമാസ വാടക നിരക്കിൽ കാർ ലഭ്യമാക്കാൻ തയ്യാറുള്ള കാറുടമകളിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

നിബന്ധനകൾ

1. വാഹനത്തിന് ടാക്സി രജിസ്ട്രേഷൻ നിർബന്ധമില്ല.
2. 2015 അല്ലെങ്കിൽ അതിനുശേഷമുള്ള മോഡൽ ആയിരിക്കണം
3. സ്വിഫ്റ്റ് ഡിസയർ, ടോയോട്ട എറ്റിയോസ്, മഹീന്ദ്ര വെരീറ്റോ എന്നിവ അഭികാമ്യം
4. പ്രതിമാസം ഓടാവുന്ന പരമാവധി ദൂരം 1500 കി.മീ ആയിരിക്കും
5. എല്ലാ ദിവസവും വാഹനം ലഭ്യമാക്കേണ്ടതാണ്.
6. പ്രതിമാസം 1500 കി.മീ.ഓടുന്നതിന് ആവശ്യപ്പെടുന്ന ഏറ്റവും കുറഞ്ഞ നിരക്ക് ക്വട്ടേഷനിൽ കാണിക്കണം. മൂന്നു മാസത്തെ ക്വാർട്ടറിൽ അധികരിക്കുന്ന യാത്രക്ക് സർക്കാർ നിശ്ചയിച്ച നിരക്കിൽ വാടക അധിക മീറ്ററിന് നൽകുന്നതാണ്. ഏതെങ്കിലും ഒരു മാസം വാഹനം അധിക ദൂരം/സമയം ഉപയോഗിക്കുകയാണെങ്കിൽ അധികം സഞ്ചരിച്ച ദൂരം (കി.മീ) തൊട്ടടുത്ത മാസത്തിൽ കണക്കാക്കി മൂന്ന് മാസത്തെ ക്വാർട്ടറിൽ ക്രമീകരിക്കുന്നതാണ്.
7. ഡ്രൈവറുടെ വേതനം, ഇന്ധനം, മെയിന്റനൻസ് എന്നിവയെല്ലാമുൾപ്പെടെ ആയിരിക്കണം ആവശ്യപ്പെടുന്ന പ്രതിമാസ വാടക.
8. ഒരു വർഷത്തേക്കാണ് വാഹനം ലഭ്യമാക്കേണ്ടത്.
9. ജില്ലാ കോ-ഓർഡിനേറ്ററുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.
10. ക്വട്ടേഷനുകൾ ഒട്ടിച്ച കവറിൽ വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ എന്ന് മേലെഴുത്തോടുകൂടി 27.04.2019 ന് വൈകുന്നേരം 3 മണിക്ക് മുമ്പായി തൃശ്ശൂർ ജില്ലാ പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജില്ലാ-കോർഡിനേറ്ററുടെ ഓഫീസിൽ സമർപ്പിക്കാവുന്നതാണ്. ലഭിച്ച ക്വട്ടേഷനുകൾ അന്നേദിവസം 4 മണിക്ക് ഹാജരുള്ള ക്വട്ടേഷൻ സമർപ്പിച്ചവരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതാണ്. ക്വട്ടേഷൻ ഇതോടൊപ്പമുള്ള മാതൃകയിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.
11. വാഹനത്തിന്റെ ആർ.സി ബുക്ക്, പെർമിറ്റ്, ഇൻഷുറൻസ്,ടാക്സ് ടോക്കൺ, പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ ലൈസൻസ് പകർപ്പ് സഹിതം ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്.

12. വാഹനം ടാക്സി രജിസ്ട്രേഷനുള്ളതല്ലെങ്കിൽ ഫുൾകവർ ഇൻഷുറൻസ് എടുത്തിരിക്കേണ്ടതും ആയതിന്റെ പകർപ്പ് സമർപ്പിക്കേണ്ടതുമാണ്.

13. ഏതൊരു ക്വട്ടേഷനും കാരണം കാണിക്കാതെ നിരസിക്കുവാൻ ജില്ലാ കോർഡിനേറ്റർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

OFFICE OF THE DISTRICT CO-ORDINATOR LIFE MISSION THRISSUR

ജില്ലാ കോർഡിനേറ്റർ
ലൈഫ് മിഷൻ, ജില്ലാ ഓഫീസ്
ജില്ലാ പഞ്ചായത്ത് ബിൽഡിങ്ങ്

## ക്വട്ടേഷൻമാതൃക

| വാഹനത്തിന്റെ മോഡൽ വർഷം | മാസകരാർ വേതനം(1500 കി.മീ) | ഓഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, ടാക്സി, പെർമിറ്റ് നമ്പർ |
|---|---|---|
| | | |
| | | |

ഒപ്പ്

വാഹന ഉടമയുടെ പേര്:

സ്ഥലം

തീയ്യതി

വിലാസം:

ഫോൺനമ്പർ: